

**THURSDAY** 25/12/2025 **വ്യാഴാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/12/2025

1. കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ റാബി 2 സീസൺ (2024-25) കർഷകർക്ക് ഡിസംബർ 31 വരെ ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: www.pmfby.gov.in സന്ദർശിക്കുക അല്ലെങ്കിൽ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കൊച്ചി നഗരത്തിന് വസന്ത കാലമൊരുക്കി എറണാകുളം മറൈൻ ഡ്രൈവിൽ കൊച്ചിൻ ഫ്ലവർഷോ ആരംഭിച്ചു. ഓർക്കിഡുകൾ, അഡീനിയം, മിനി ആന്തൂറിയം, റോസ്, ഓറിയന്റൽ ലില്ലി. മാരിഗോൾഡ്, ഡാലിയ, സീനിയ, ക്രിസാന്തിമം തുടങ്ങി നാൽപതിനായിരത്തോളം പൂച്ചെടികളാണ് മേളയുടെ ആകർഷണം. ബെംഗളൂരുവിൽ നിന്നുള്ള ഇൻഡോ അമേരിക്കൻ നഴ്സറി ഉൾപ്പെടെ ഒട്ടേറെ നഴ്സറികളും സംസ്ഥാന കൃഷി വകുപ്പിന്റെ 'അഗ്രി ക്ലിനിക്കും' പ്രദർശന നഗരിയിലുണ്ട്. പുഷ്പാലങ്കാരം, വെജിറ്റബിൾ കാർവിങ്, ടെറേറിയം തുടങ്ങിയ വിഷയങ്ങളിൽ സൗജന്യ ശിൽപശാലകളും നടക്കും. ജില്ലാ അഗ്രി-ഹോർട്ടികൾച്ചർ സൊസൈറ്റി നടത്തുന്ന പുഷ്പമേള ജനുവരി 4ന് സമാപിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. അമ്പലപ്പുഴ സൗത്ത്, ചെറുതന, കാർത്തികപ്പള്ളി, പുറക്കാട്, തകഴി, കരുവാറ്റ, പുന്നപ്ര സൗത്ത് പഞ്ചായത്തുകളിൽ താറാവുകളിലും കോഴികളിലും പക്ഷിപ്പനി സ്ഥിരീകരിച്ചതായി മൃഗസംരക്ഷണ വകുപ്പ് അധികൃതർ പറഞ്ഞു. കുമാരപുരം പഞ്ചായത്തിലും ഭീഷണിയുണ്ട്. കോട്ടയം ജില്ലയിലും രോഗബാധ കണ്ടെത്തി. കഴിഞ്ഞ ദിവസം ചെറുതന പാണ്ടിയിലാണ് പക്ഷിപ്പനിയുടെ ലക്ഷണങ്ങളോടെ താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങിയത്. തുടർന്ന്, തിരുവല്ല മഞ്ഞാടിയിലെ ലബോറട്ടറിയിൽ നടത്തിയ പ്രാഥമിക പരി ശോധനയിൽ പക്ഷിപ്പനിയാണെന്ന് സൂചന ലഭിച്ചു. ഇതിനു ശേഷം സാമ്പിളുകൾ ഭോപ്പാലിൽ അയച്ച് പരിശോധിച്ചപ്പോഴാണ് രോഗബാധ സ്ഥിരീകരിച്ചത്.

4. ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനുവരി മാസം കൊല്ലത്ത് നടക്കുന്ന സംസ്ഥാന ക്ഷീര സംഗമം 'പടവ് 2026' നോടനുബന്ധിച്ച് ക്ഷീര മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്കും പുരസ്കാരങ്ങൾ നൽകുന്നു. ക്ഷീര വികസനവുമായി ബന്ധപ്പെട്ട മികച്ച

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പത്ര റിപ്പോർട്ട്, പത്ര ഫീച്ചർ, കാർഷിക മാസികകളിലെ ഫീച്ചർ/ ലേഖനം, ക്ഷീര മേഖലയിലെ മികച്ച പുസ്തകം, മികച്ച ശ്രവ്യമാധ്യമ ഫീച്ചർ, ദൃശ്യ മാധ്യമ റിപ്പോർട്ട്, ദൃശ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ ഡോക്കുമെന്ററി/ മാഗസിൻ പ്രോഗ്രം, 'ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ' എന്ന വിഷയത്തിലെ മികച്ച ഫോട്ടോഗ്രാഫ് എന്നീ വിഭാഗങ്ങളിൽ പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം. ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥർ തയ്യാറാക്കി ദിനപത്രങ്ങളിലോ ആനുകാലികത്തിലോ പ്രസിദ്ധീകരിച്ച മികച്ച ഫീച്ചറിനും 'ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ' എന്ന വിഷയിത്തിലൂന്നി ഉദ്യോഗസ്ഥർ എടുത്ത ഫോട്ടോഗ്രാഫിനും പുരസ്കാരങ്ങൾ നൽകുന്നുണ്ട്. എൻട്രികൾ 2024 ജനുവരി 01 മുതൽ 2025 ഒക്ടോബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാ ഫോറത്തിന്റെ മാതൃകയും www.dairydevelopment.kerala.gov.in ൽ ലഭ്യമാണ്. വിജയികൾക്ക് 25,000 രൂപ ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും ലഭിക്കും. അപേക്ഷകൾ ഡിസംബർ 30 വൈകിട്ട് 4 മണിക്കകം ഡെപ്യൂട്ടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡയറക്ടർ (എക്സ്റ്റൻഷൻ), ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്, പട്ടം പി.ഒ., തിരുവനന്തപുരം- 695004 വിലാസത്തിൽ ലഭിക്കണം. ഫോൺ നം: 9995240861, 9446453247, 9495541251.

## പരിശീലന പരിപാടി

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "സമ്പന്ന മാലിന്യം" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2025 ഡിസംബർ 26 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് celkau.in എന്ന ലിങ്കിൽ കൈകാര്യം ചെയ്യുന്ന കോഴ്സിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ജനുവരി 4 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദേശങ്ങൾ മേൽപ്പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. ഫോൺ : 0487-2438567, 8547837256.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം